## പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.3950** | **16.05.2017 ൽ മറുപടിയ്ക്ക്**

# കാർഷിക തൊഴിൽദാന പദ്ധതി

| ചോദ്യം<br>ശ്രീ.പി.സി. ജോർജ് | മറുപടി<br>ശ്രീ. വി.എസ്.സുനിൽ കുമാർ<br>(കൃഷി വകുപ്പ് മന്ത്രി) |
|---|---|
| എ) മുൻപ് ആരംഭിച്ച കാർഷിക തൊഴിൽദാന പദ്ധതി പരാജയമായിരുന്നു എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) പൂർണമായും വിജയകരമായിരുന്നില്ല |
| ബി) ഈ പദ്ധതിയെക്കുറിച്ചുള്ള വിശദാംശങ്ങൾ വെളിപ്പെടുത്തുമോ; | ബി) കൃഷി, മൃഗ സംരക്ഷണം, ക്ഷീര വികസനം എന്നീ മേഖലകളെ ഏതെങ്കിലും സ്ഥിരം തൊഴിലായി സ്വീകരിച്ച് വിവിധ പരിപാടികൾ ഒറ്റയ്ക്കോ കൂട്ടായോ തെരഞ്ഞെടുത്ത് സ്വയം തൊഴിൽ കണ്ടെത്തുക എന്ന ലക്ഷ്യത്തോടെ 1994 ൽ ആരംഭിച്ച ഒരു ലക്ഷം യുവജനങ്ങൾക്കുള്ള പ്രത്യേക തൊഴിൽ ദാന പദ്ധതിയിൽ 97849 പേർ അംഗങ്ങളായി ചേർന്നു. ടി അംഗങ്ങൾക്ക് ആവശ്യമുള്ള പക്ഷം ആവശ്യമായ വായ്പാ സൗകര്യങ്ങളും തൊഴിൽ പരിശീലനങ്ങളും കൂടാതെ കൃഷി, മൃഗസംരക്ഷണം, ക്ഷീര വികസനം, കാർഷിക സർവ്വകലാശാല തുടങ്ങിയ വകുപ്പുകളും സ്ഥാപനങ്ങളും നടപ്പാക്കുന്ന പദ്ധതികൾക്ക് മുൻഗണന നൽകി സാമ്പത്തിക സഹായങ്ങൾ ലഭ്യമാക്കാനും ലക്ഷ്യമിട്ടിരുന്നു. പദ്ധതിയുടെ നടത്തിപ്പിനും മേൽനോട്ടത്തിനുമായി പഞ്ചായത്ത്, ജില്ലാ, സംസ്ഥാന തലങ്ങളിൽ സമിതികൾ രൂപീകരിച്ചിട്ടുണ്ട്. ടി പദ്ധതിയിൽ നിലവിൽ 85297 അംഗങ്ങൾ ഉണ്ട്. |

പദ്ധതി പ്രകാരം നിലവിൽ അനുവദിക്കുന്ന ആനുകൂല്യങ്ങൾ ചുവടെ ചേർക്കുന്നു:-

1) പദ്ധതിയിലെ അംഗങ്ങൾ മറ്റു തൊഴിൽ കിട്ടി പോവുകയോ സ്വമേധയാ എന്നെങ്കിലും പദ്ധതി വിട്ടു പോവുകയാണെങ്കിൽ ടി അംഗങ്ങൾക്ക് 7,500/- രൂപ ഇപ്പോൾ നൽകി വരുന്നു.
2) പദ്ധതിയിൽ അംഗമായിരിക്കെ ശാരീരികമായോ മാനസികമായോ അവശത അനുഭവിക്കുകയാണെങ്കിൽ 25,000/- രൂപ ഒറ്റ തവണ ആനുകൂല്യമായി നൽകിവരുന്നു.
3) പദ്ധതിയിലെ അംഗത്തിന് മരണം സംഭവിച്ചാൽ ടിയാളുടെ നോമിനിക്ക് 25,000/- രൂപയും നൽകിവരുന്നു.

| | |
|---|---|
| സി) ഇതിനായി 1995-ൽ സംസ്ഥാന സർക്കാരിന്റെ വിഹിതമായി 10 കോടി രൂപ സംസ്ഥാന സഹകരണ ബാങ്കിൽ നിക്ഷേപിച്ചിരുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? | സി) ഒരു ലക്ഷം യുവജനങ്ങൾക്കുള്ള പ്രത്യേക തൊഴിൽദാന പദ്ധതിയിൽ സർക്കാർ വിഹിതമായ 14 കോടി അനുവദിച്ചിട്ടുണ്ട്. ഈ തുക കൂടാതെ അംഗങ്ങളിൽ നിന്ന് സമാഹരിച്ച 10,41,98,508/- രൂപ തിരുവനന്തപുരം ജില്ലാ ട്രഷറിയിൽ ഫിക്സഡ് ഡെപ്പോസിറ്റായി നിക്ഷേപിച്ചിട്ടുണ്ട്. |

S. [signature]

**സെക്ഷൻ ഓഫീസർ**